**OFFICE OF THE COCHIN DEVASWOM BOARD**
**Round North, Thrissur – 680 001**
PH: 2331124, 2327028 FAX : 2335874, 2327029
E-mail. admin @cochindevaswomboard.org

No. A4. 1847/23 Dated: 03/03/2023

## ടെണ്ടർ പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ നിന്നും എല്ലാവരും അറിയുന്നതിനായി പ്രസിദ്ധപ്പെടുത്തുന്നത്.

കൊച്ചിൻ ദേവസ്വം ബോർഡ് വക കൊടുങ്ങല്ലൂർ ശ്രീ കുരുംബ ഭഗവതി ക്ഷേത്രത്തിൽ നിന്നും പൂജിച്ച് വിതരണം ചെയ്യുന്നതിന് ആവശ്യമായ താഴെ പറയുന്ന ഇനങ്ങൾ ഏറ്റവും കുറഞ്ഞ നിരക്കിൽ ദേവസ്വത്തിൽ എത്തിച്ചു നൽകുന്നതിന് ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

സീൽ ചെയ്ത ടെണ്ടറുകൾ 2023 മാർച്ച് മാസം 10-ാം തിയ്യതി 2.00 pm ന് മുമ്പ് കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ അന്നേ ദിവസം 2.30 pm ന് ടെണ്ടർ തുറന്ന് പരിശോധിക്കുന്നതുമാണ്.

1. ചരട് (മഞ്ഞ, ചുവപ്പ്, കറുപ്പ്) - 80 സെ.മീ. നീളം
   1 കി.ഗ്രാമിന് ഏറ്റവും കുറഞ്ഞ നിരക്ക്
   1 കി.ഗ്രാം ചരട് 950 എണ്ണത്തിൽ കുറയുവാൻ പാടില്ല
2. വെള്ളി ഏലസ്സ് - വെള്ളി ഏലസ്സ് വെള്ളി കുഴൽ അടക്കം
   860 മില്ലിഗ്രാം തൂക്കമുള്ളത്.
   1 ന് ഏറ്റവും കുറഞ്ഞ നിരക്ക്
3. ശ്രീചക്രം വലുത് - 13 സെ.മീ × 13 സെ.മീ
   ഒരെണ്ണത്തിനുള്ള ഏറ്റവും കുറഞ്ഞ നിരക്ക്
4. ശ്രീചക്രം ചെറുത് - 11 സെ.മീ. × 11 സെ.മീ
   ഒരെണ്ണത്തിനുള്ള ഏറ്റവും കുറഞ്ഞ നിരക്ക്

മേൽപറഞ്ഞ ഇനങ്ങൾ ദേവസ്വം നിബന്ധനകൾക്ക് അനുസൃതമായി ഏറ്റവും കുറഞ്ഞ നിരക്കിൽ ദേവസ്വത്തിന് ഗുണകരമായ രീതിയിൽ എത്തിച്ച് തരുന്നവരുടെ പേരിൽ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 കൂടിയ കാലയളവിലേക്ക് ടി അവകാശം നിജപ്പെടുത്തി നൽകുന്നതാണ്. ശ്രീചക്രം വലുത്, ചെറുത് എന്നിവ ചെമ്പുതകിടിൽ എഴുതി കാർഡ്

ബോർഡിൽ പതിച്ച് ഗ്ലാസ് ഇട്ട് അലുമിനിയം ഫ്രെയിമോടുകൂടി വൃത്തിയായി പണിത് തരേണ്ടതാണ്.

ഏലസ്സ് ഗുണനിലവാരമുള്ള വെള്ളിയിൽ നിർമ്മിച്ച് ടെണ്ടറുകാരന്റെ സ്വന്തം ചെലവിൽ എത്തിക്കേണ്ടതുമാകുന്നു. ഗുണനിലവാരവും തൂക്കവും വകുപ്പിലെ ബന്ധപ്പെട്ട അപ്രൈസർമാർ പരിശോധിക്കുന്നതുമായിരിക്കും.

മേൽപ്രകാരമുള്ള ഇനങ്ങളിൽ കേട് വന്നതും ഉപയോഗിക്കുവാൻ പറ്റാത്തതുമായ ഇനങ്ങൾക്ക് പകരം നല്ലത് എത്തിച്ച് നൽകേണ്ടതാണ്. നിരതദ്രവ്യമായി ഓരോന്നിനും (ചരട്, ഏലസ്സ്, ശ്രീചക്രം വലുത്, ചെറുത്) 10000/- രൂപയുടെ ദേവസ്വം കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ്, തൃശൂർ എന്ന പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് വാങ്ങി ടെണ്ടറിനോടൊപ്പം അടക്കം ചെയ്യേണ്ടതും, ഇനങ്ങളുടെ സാമ്പിളുകൾ പ്രത്യേകം സീൽ ചെയ്ത കവറുകളിൽ അടക്കം ചെയ്യേണ്ടതുമാണ്. കവറിനു മുകളിൽ ഈ ഇനത്തിലുള്ള ടെണ്ടർ എന്ന് പ്രത്യേകം എഴുതേണ്ടതാണ്. കുറഞ്ഞ ടെണ്ടർ സമർപ്പിക്കുന്നവർ ദേവസ്വം കമ്മീഷണറുടെ പേരിൽ മുദ്രപത്രത്തിൽ കച്ചീട്ട് സ്വന്തം ചെലവിൽ എഴുതി സമർപ്പിക്കേണ്ടതാണ്.

ടെണ്ടറുകൾ ദേവസ്വത്തിന് ഗുണകരമുള്ളതായിരിക്കണം. അല്ലാത്ത പക്ഷം നിരസിക്കുന്നതാണ്. ആയതിനുള്ള അവകാശം താഴെ ഒപ്പിടുന്ന ആൾക്ക് ഉണ്ടായിരിക്കുന്നതാണ്.

ടെണ്ടർ ഉറപ്പിക്കുന്ന വ്യക്തിയുടെ നിരതദ്രവ്യസംഖ്യ 2024 മാർച്ച് 31 നു ശേഷം ടിയാന് ബാദ്ധ്യതകൾ ഒന്നും തന്നെയില്ലായെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം തിരികെ നൽകുന്നതായിരിക്കും.

ചരട്, ഏലസ്സ്, ചക്രം എന്നിവ ദേവസ്വം ആവശ്യപ്പെടുന്നതനുസരിച്ച് എത്തിച്ചു നൽകേണ്ടതാണ്. ആയതിൽ വീഴ്ച വരുത്തിയാൽ കരാർ റദ്ദ് ചെയ്ത് വീണ്ടും ടെണ്ടർ ക്ഷണിക്കുന്നതും നിരതദ്രവ്യസംഖ്യ ദേവസ്വത്തിലേക്ക് മുതൽകൂട്ടുന്നതായിരിക്കും.

പരസ്യത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയുവാൻ ആഗ്രഹിക്കുന്നവർ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ് 0487-2331124, തിരുവഞ്ചിക്കുളം ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ് 0480-2802446, ശ്രീ ദേവസ്വം ഓഫീസ് 0480-2803061 എന്നീ സ്ഥലങ്ങളിൽ പ്രവൃത്തി സമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

**ദേവസ്വം കമ്മീഷണർ (ഇൻചാർജ്)**
കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ്

തൃശൂർ
തിയ്യതി